**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
0471 2561307

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ പി എച്ച്.ഡി.പ്രോഗ്രാം (2021-22 അഡ്മിഷൻ) കോഴ്സ് പൂർത്തീകരിച്ച സർക്കാർ പോളിടെക്നിക് കോളേജിലെ ലക്ച്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് തസ്തികയിലെ ജീവനക്കാർക്ക് - പുനർ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ജീവനക്കാര്യം ( സി) വിഭാഗം**

നം. EC5/31092/21/DTE തിരുവനന്തപുരം, തീയതി : 05-08-2024

---

വായന :-
1. 25-01-2021ലെ GO(Rt) No. 1106/2021/HEdn.
2. 26-08-2021 ലെ ഈ ഓഫീസിലെ നടപടിക്രമം നം.L2/532/21/DTE.
3. 10-07-2024തീയതിയിലെനെയ്യാറ്റിൻകര, സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ ജിപിസിഎൻടിഎ/1452/2024/ഇ1 നമ്പർ കത്ത്.
4. 18-07-2024തീയതിയിലെ,സർക്കാർ വനിത പോളിടെക്നിക് കോളേജ് കോഴികോട് പ്രിൻസിപ്പാളിന്റെ E/1493/2024 നമ്പർ കത്ത്
5. 18-07-2024തീയതിയിലെ, തിരുവനന്തപുരം സർക്കാർ വനിത പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ ബി/614/20ഡബ്ല്യുപിസി കെ എം എൻ നമ്പർ കത്ത്
6. 27-07-2024തീയതിയിലെനെടുമങ്ങാട് , സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ A4/1935/24ജി പി സി എൻ ജി ഡി നമ്പർ കത്ത്.

**ഉത്തരവ്**

വായന (1) ലെ ഉത്തരവുകൾ പ്രകാരം, വിവിധ സർക്കാർ പോളിടെക്നിക് കോളേജുകളിലെ **ലക്ച്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്** തസ്തികയിലെ ജീവനക്കാർക്ക്, ക്യൂ.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം പി എച്ച്.ഡി.പ്രോഗ്രാം(2021-22അഡ്മിഷൻ) ഉപരിപഠനത്തിനായിഅനുമതി നൽകുകയുണ്ടായി. ഡെപ്യൂട്ടേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ജീവനക്കാർപുനർനിയമനത്തിനായിവായന(3),(4)(5)(6)പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.മേൽ സാഹചര്യത്തിൽ, ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരെ അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ പുനർനിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, സ്ഥാപനം, ക്യൂ.ഐ.പി സെന്റർ. | പുനർനിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1. | **ശ്രീ. ശരത് എസ്. (PEN:741427)**<br>ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്,<br>സർക്കാർ പോളിടെക്നിക് കോളേജ്, | **സർക്കാർ പോളിടെക്നിക് കോളേജ്,**<br>**കോതമംഗലം, എറണാകുളം ജില്ല**<br>**(നിലവിലെ ഒഴിവിൽ)** |

| | | |
|---|---|---|
| | നെയ്യാറ്റിൻകര<br>(QIP centre: എൻ ഐ ടി കോഴിക്കോട്) | |
| 2. | **ശ്രീമതി. രമ്യ ഗോപാലകൃഷ്ണൻ (PEN: 452987)**<br>ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്,<br>വനിതാ പോളിടെക്നിക് കോളേജ്,<br>തിരുവനന്തപുരം<br>(QIP centre: എൻ ഐ ടി കോഴിക്കോട്) | **സർക്കാർ വനിതാ പോളിടെക്നിക് കോളേജ്,<br>കോട്ടക്കൽ**<br>(നിലവിലെ ഒഴിവിൽ) |
| 3. | **ശ്രീ. വിൻറുരാജ് വി.പി(PEN: 773643)<br>ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്,<br>സർക്കാർ വനിത പോളിടെക്നിക് കോളേജ്,<br>കോഴിക്കോട്.<br>(QIP centre: എൻ ഐ ടി സൂറത്ത്കൽ)** | **സർക്കാർ പോളിടെക്നിക് കോളേജ്,<br>കാസർഗോഡ്<br>(നിലവിലെ ഒഴിവിൽ)** |
| 4 | **ശ്രീ.അരുൺ പി എസ് (PEN806189)**<br>ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്,<br>സർക്കാർ പോളിടെക്നിക് കോളേജ്,<br>നെടുമങ്ങാട്.<br>(QIP centre: എൻ ഐ ടി തിരുച്ചിറപ്പള്ളി ) | **സർക്കാർ പോളിടെക്നിക് കോളേജ്,<br>വെണ്ണികുളം, പത്തനംതിട്ട ജില്ല<br>(നിലവിലെ ഒഴിവിൽ)** |

- ക്യൂ.ഐ.പി ഡെപ്യൂട്ടേഷനായി മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത രണ്ട് വർഷകാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്കോ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്കോ ഏതാണോ ആദ്യം സംഭവിക്കുന്നത്അതിൻപ്രകാരംമേൽജീവനക്കാർജോലിയിൽപുന:പ്രവേശിക്കേണ്ടതാണ്.
- രണ്ട് വർഷത്തെ ഡെപ്യൂട്ടേഷൻ കാലയളവ് പൂർത്തീകരിച്ചതും, എന്നാൽ കോഴ്സ് പൂർത്തീകരിക്കാത്തതുമായ ജീവനക്കാർ, ഡെപ്യൂട്ടേഷൻ കാലയളവായ രണ്ട് വർഷം പൂർത്തീകരിക്കുന്ന മുറയ്ക്ക് ക്യൂ.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്ത്, വിടുതൽ സർട്ടിഫിക്കറ്റ് സഹിതം പുനർനിയമനം നൽകപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ശേഷം ടി ഉദ്യോഗസ്ഥർ അർഹതപ്പെട്ട അവധിയെടുത്ത് കോഴ്സ് പൂർത്തീകരിക്കേണ്ടതും, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ലഭ്യമായാലുടൻ, സ്ഥാപനമേധാവി മുഖേന ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്.
- എന്നാൽ മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത ഡെപ്യൂട്ടേഷൻ കാലയളവായ രണ്ട് വർഷം പൂർത്തിയാകുന്നതിനു മുൻപ് (Late admission) കോഴ്സ് പൂർത്തീകരിക്കുന്ന ജീവനക്കാർ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക്, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് സഹിതം പുനർനിയമനം നൽകപ്പെട്ട സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.
- നിയമനം നല്കിയ സ്ഥാപനങ്ങളിലേക്ക് 2024 പൊതു സ്ഥലം മാറ്റത്തിനായി സമർപ്പിച്ചിട്ടുള്ള അർഹമായ അപേക്ഷകൾ പരിഗണിക്കപ്പെടുകയാണെങ്കിൽ, ടി ജീവനക്കാരെ പുനർനിയമനം

ലഭിച്ച സ്ഥാപനത്തിൽ നിന്നും സ്ഥലം മാറ്റി നിയമിക്കുന്നതാണ്.

ടി ഉദ്യോഗസ്ഥരെ, പുനർനിയമനം നൽകപ്പെട്ട സ്ഥാപനങ്ങളിലെ സ്ഥാപനമേധാവികൾ, ബന്ധപ്പെട്ട ജീവനക്കാരുടെ ക്യു.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ്/കോഴ്സ് പൂർത്തീകരിച്ച സാക്ഷ്യപത്രം പരിശോധിച്ച് പുന:പ്രവേശനം അനുവദിക്കേണ്ടതും, ഇവരുടെ ചേരുംകാലം ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ബന്ധപ്പെട്ട ജീവനക്കാർ/ സ്ഥാപന മേധാവികൾ (www.dtekerala.gov.in വെബ്സൈറ്റ് മുഖാന്തിരം).

പകർപ്പ്

1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (വെബ് സൈറ്റ് മുഖാന്തിരം).
2. അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള, കോട്ടയം.
3. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

Signed by
Shalij P R
Date: 05-08-2024 22:03:10